(ബി) സിലബസ് അനുസരിച്ചുള്ള ശല്യശാലാക്യ വകുപ്പിൽ അത്യന്താപേക്ഷിതമായ പ്രൊഫസറുടെ തസ്തിക ഇല്ലെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സിലബസ് അനുസരിച്ചുള്ള മറ്റു ഡിപ്പാർട്ടുമെൻറുകളിലെല്ലാം പ്രൊഫസർ തസ്തിക ഉണ്ടായിരുന്നിട്ടും ശല്യശാലാക്യ വകുപ്പിൽ മാത്രം പ്രൊഫസർ തസ്തിക സൃഷ്ടിക്കാത്തതിൻെറ കാരണമെന്ത്;

(ഡി) പ്രസ്തുത തസ്തിക സൃഷ്ടിച്ച് വിദ്യാർത്ഥികളുടെ പഠനസൗകര്യം മെച്ചപ്പെടുത്തുവാൻ വേണ്ട നടപടികളും കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. താല്ക്കാലികാടിസ്ഥാനത്തിൽ മറെറാരു വിഭാഗത്തിലെ പ്രൊഫസർക്ക് ശല്യശാലാക്യ വിഭാഗത്തിലെ അത്യാവശ്യം വേണ്ടുന്ന പഠന സൗകര്യങ്ങളും ഏർപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി, ഡി) ശല്യശാലാക്യ വിഭാഗത്തിൽ ഒരു പ്രൊഫസറുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

ഹൗസ് സർജൻമാരുടെ സ്റ്റൈപ്പൻറ്

772 [934] ശ്രീ. സ്റ്റീഫൻ പാദുവ:

,, കെ. കെ. തോമസ്:

,, ടി. എച്ച്. മുസ്തഫ:

,, എ. സി. ജോസ്:

,, ജോസ് കുറിയാനി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പരിശീലനം നടത്തുന്ന ഹൗസ് സർജൻമാർക്ക് പ്രതിമാസം നൽകിവരുന്ന സ്റ്റൈപ്പൻറ് എത്ര;

(ബി) ഇതു സംബന്ധിച്ച് ഹൗസ് സർജൻസ് അസോസിയേഷനിൽ നിന്ന് നിവേദനം കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) മെഡിക്കൽ കോളേജിലെ ഹൗസ് സർജൻമാർക്ക് പ്രതിമാസം 500 രൂപ നിരക്കിൽ സ്റ്റൈപ്പൻറ് കൊടുക്കുന്നുണ്ട്.

(ബി) ഹൗസ് സർജൻസ് അസോസിയേഷനിൽ നിന്നും നിവേദനം കിട്ടിയിട്ടുണ്ട്. സ്റ്റൈപ്പൻറ് നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly